DESPATCHED
On....15/02/22

4/2/22

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം-695 001**
Email: sic.ker@nic.in

ഹർജി നമ്പർ **AP 1764(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.15051/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഫെബ്രുവരി 4**

ശ്രീ. സജി എസ്.,
കോണത്തുവിള,
നിലയ്ക്കാമുക്ക്,
കടയ്ക്കാവൂർ, തിരുവനന്തപുരം-695 306.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി, ചിറയിൻകീഴ് ഗ്രാമ പഞ്ചായത്ത് ഓഫീസ്, ചിറയിൻകീഴ് പി.ഒ., തിരുവനന്തപുരം - 695 304.
2. അപ്പീൽ അധികാരി & പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർ, പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസറുടെ കാര്യാലയം, പി.എ.യൂ.1, ചിറയിൻകീഴ്, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 1.9.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 24.9.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 18.10.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 9.11.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 18.11.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 18.11.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 3.12.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 16.12.2021, 22.12.2021 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 1.2.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. സജി എസ്., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി ലഭ്യമാകാത്തതിനെ തുടർന്ന് രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചു എന്നും ആയതിന് ടിയാൻ ആവശ്യപ്പെട്ട

വിവരങ്ങൾ (ലിസ്റ്റ്) നൽകാതെ തെറ്റായ മറുപടിയാണ് നൽകിയിരിക്കുന്നതെന്നും ആയതിനാൽ കമ്മീഷൻ ഇടപെട്ട് മറുപടി ലഭ്യമാക്കി നൽകണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 1.9.2021 തീയതി സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, ചിറയിൻകീഴ് ഗ്രാമ പഞ്ചായത്ത് 1-ാം വാർഡ് (ഗുരുവിഹാർ)-ലെ 2015 മുതൽ 2020 വരെ ഭവന പദ്ധതി പ്രകാരം, വീട് നൽകിയിട്ടുള്ള എസ്.സി-എസ്.ടി-യിൽപ്പെട്ടതും, ഒ.ബി.സി., ജനറൽ വിഭാഗത്തിൽപ്പെട്ടവർക്ക് നൽകിയിട്ടുള്ളതുമായ ലിസ്റ്റിന്റെ പകർപ്പ് നൽകണമെന്നാണ്. മേൽപ്പടി അപേക്ഷയ്ക്ക് 24.9.2021 തീയതി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ 30 ദിവസം കഴിഞ്ഞിട്ടും മറുപടി നൽകിയില്ലെന്ന് പരാതിപ്പെട്ടുകൊണ്ട് 18.10.2021 തീയതി നൽകിയ അപ്പീൽ തീർപ്പാക്കി 9.11.2021 തീയതി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരന്റെ 1.9.2021 തീയതിയിലെ വിവരാവകാശ അപേക്ഷയ്ക്ക് 29.9.2021 തീയതിയിൽ മറുപടി നൽകിയിട്ടുള്ളതാണെന്ന് എസ്.പി.ഐ.ഒ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എന്നാൽ ടി മറുപടി കിട്ടിയിട്ടില്ലെന്ന് ഹർജി കക്ഷി ആക്ഷേപം ഉന്നയിച്ചിട്ടുള്ള സാഹചര്യത്തിൽ ടി മറുപടി രജിസ്റ്റേർഡ് തപാൽ മാർഗ്ഗം ഒരിക്കൽകൂടി അയച്ചു നൽകുന്നതിന് പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നും അപ്രകാരം ലഭിക്കുന്ന മറുപടി സംബന്ധിച്ച് ആക്ഷേപം ഉള്ളപക്ഷം ഹർജിക്കാരന് ഒരിക്കൽ കൂടി അപ്പീൽ സമർപ്പിക്കാവുന്നതാണെന്ന് അപ്പീൽ ഹർജിക്കാരനെ അറിയിച്ചിട്ടുള്ളതാണെന്നുമാണ്.

3. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപേക്ഷകൻ വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് 24.9.2021 ലെ എ4-7904/21 നമ്പർ കത്ത് പ്രകാരം മറുപടി 29.9.2021 തീയതിയിൽ സാധാരണ തപാൽ മാർഗ്ഗം മറുപടി അയച്ചിട്ടുള്ളതാണെന്നും എന്നാൽ മറുപടി ലഭ്യമായിട്ടില്ലെന്ന് കാണിച്ച് അപ്പീൽ നൽകിയതിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റേർഡ് തപാൽ മാർഗ്ഗം 16.11.2021 തീയതിയിൽ ടി മറുപടി വീണ്ടും അയച്ചു കൊടുക്കുകയും ആയത് കൈപ്പറ്റുകയും ചെയ്തിട്ടുണ്ടെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 1.9.2021 തീയതിയിൽ ചിറയിൻകീഴ് ഗ്രാമ പഞ്ചായത്താഫീസിൽ വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് നിശ്ചിത സമയപരിധി കഴിഞ്ഞിട്ടും വിവരം ലഭ്യമായില്ലായെന്ന് കാണിച്ച് 18.10.2021 തീയിയിൽ അപ്പീൽ സമർപ്പിച്ചിരുന്നു എന്നും ആയതിന്റെ അടിസ്ഥാനത്തിൽ എസ്.പി.ഐ.ഒയോട് റിപ്പോർട്ട് ആവശ്യപ്പെട്ടതിനെ തുടർന്ന് നൽകിയ

റിപ്പോർട്ടിനോടൊപ്പം എസ്.പി.ഐ.ഒ ഹർജിക്കാരന് നൽകിയ മറുപടിയുടെ പകർപ്പും ഹാജരാക്കിയിരുന്നു എന്നും എന്നാൽ ടി മറുപടി ഹർജിക്കാരന് കിട്ടിയിട്ടില്ലെന്ന് ഹർജി കക്ഷി ആക്ഷേപം ഉന്നയിച്ചിട്ടുള്ള സാഹചര്യത്തിൽ ടി മറുപടി രജിസ്റ്റേർഡ് തപാൽ മാർഗ്ഗം ഒരിക്കൽ കൂടി അയച്ചു നൽകണമെന്ന് പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും അപ്രകാരം ലഭിക്കുന്ന മറുപടി സംബന്ധിച്ച് ആക്ഷേപം ഉള്ളപക്ഷം ഒരിക്കൽ കൂടി അപ്പീൽ സമർപ്പിക്കാവുന്നതാണെന്ന് അപ്പീൽ ഹർജിക്കാരനെ അറിയിച്ചിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 1.9.2021-ലെ വിവരാവകാശ അപേക്ഷയ്ക്ക് 24.9.2021-ന് തയ്യാറാക്കിയ മറുപടി 29.9.2021-ന് അയച്ചു കൊടുത്തതായി ഒന്നാം എതിർകക്ഷി ഹാജരാക്കിയ ഡെസ്പാച്ച് കം സ്റ്റാമ്പ് രജിസ്റ്റർ പരിശോധിച്ചതിൽ കമ്മീഷന് ബോധ്യമാകുന്നു. ടി മറുപടി ടിയാന് ലഭിച്ചിട്ടില്ല എന്ന് ചൂണ്ടിക്കാട്ടി നൽകിയ ഒന്നാം അപ്പീൽ തീർപ്പിനെ തുടർന്ന് ടി മറുപടി രജിസ്റ്റേർഡ് തപാലായി 16.11.2021-ന് വീണ്ടും അയച്ചു കൊടുത്തതായും ആയത് ഹർജിക്കാരൻ കൈപ്പറ്റിയതായും കാണുന്നു. ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ അപ്പീൽ ഹർജിയിൽ ആവശ്യപ്പെട്ട പ്രകാരം ശ്രീമതി. ശ്രീമതി, ശ്രീമതി. വിജയമ്മ (കമലമ്മ) എന്നിവരുടെ പേര് ഭവന പദ്ധതി പ്രകാരമുള്ള ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം വിവരാവകാശ നിയമ പ്രകാരം പരിഗണിക്കുവാൻ കമ്മീഷന് നിർവ്വാഹമില്ല. ആയതിനാൽ ഇക്കാര്യത്തിൽ ബന്ധപ്പെട്ട അധികാരിക്ക് അപേക്ഷ നൽകി ഹർജിക്കാരന് പരിഹാരം തേടാവുന്നതാണ്. ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകുന്നതിൽ മനപൂർവ്വമായോ/ബോധപൂർവ്വമായോ വീഴ്ച എതിർകക്ഷിയുടെ ഭാഗത്ത് സംഭവിച്ചതായി കാണുന്നില്ല എന്നതിനാൽ ഇക്കാര്യത്തിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് വിലയിരുത്തി, ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഫെബ്രുവരി 4-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION

bnk